exam WiNNER®

A | 1002

[illegible]

# അർധവാർഷിക മൂല്യനിർണയം 2023-24

ക്ലാസ് : 10

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.**

(4 x 1 = 4)

1. "പാരിലെന്നെയിന്നാരറിയാതവർ?"
   കലിയുടെ വാക്കുകളിൽ പ്രകടമാകുന്നത്.
   - നിരാശ
   - അഹങ്കാരം
   - ദേഷ്യം
   - കാരുണ്യം

2. 'മനസ്സിന്റെ മിഥ്യാധാരണകളും ചാപല്യങ്ങളും കൊണ്ട് ജീവിതം അവൾ ദുരിതപൂർണമാക്കി'.
   മിഥ്യാധാരണ എന്ന പദത്തിന്റെ വിഗ്രഹരൂപം ഏത്?
   - മിഥ്യയിലെ ധാരണ
   - മിഥ്യയും ധാരണയും
   - മിഥ്യയുടെ ധാരണ
   - മിഥ്യയായ ധാരണ

3. "പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
   ധാരയാർന്ന പനിനീർസുമോപമം."
   'ഉഷസ്സ്' എന്ന പദത്തിന്റെ അർഥം?
   - പ്രദോഷം
   - സൂര്യൻ
   - പ്രഭാതം
   - രാത്രി

4. "കാരണവർക്കു താൽപ്പര്യമുള്ളപോലെ ശവം സംസ്കരിക്കാം."
   "വേണ്ട. എനിക്കു താൽപ്പര്യമില്ല."
   വെള്ളായിയപ്പൻ ഇങ്ങനെ പറയാൻ കാരണം?
   - സംസ്കരിക്കാനുള്ള മടി
   - മകനോടുള്ള സ്നേഹക്കുറവ്
   - മടങ്ങാനുള്ള തിരക്ക്
   - കയ്യിൽ പണമില്ലാത്തത്

(മറുപുറം)

5. ശരിയായ പദച്ചേർവ കണ്ടെത്തി എഴുതുക.

| | | |
|---|---|---|
| അകലെയൊരിടത്ത് | - | അകലെ, ഒരിടത്ത് |
| എന്റെയടുക്കൽ | - | എന്റെ, യടുക്കൽ |
| മേശപ്പുറം | - | മേശ, പ്പുറം |
| എണ്ണിയെണ്ണി | - | എണ്ണി, യെണ്ണി |

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 x 2 = 4)**

6. "തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ"

(ഋതുയോഗം)

വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ എഴുതുക.

7. "പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു."

(കടൽത്തീരത്ത് )

വെള്ളായിയപ്പനെ വേദനിപ്പിച്ച രണ്ട് ഓർമകൾ കുറിക്കുക.

8. **അർത്ഥവ്യത്യാസം വരാതെ രണ്ടുവാക്യങ്ങളായി എഴുതുക.**

പുലർച്ചയ്ക്കു മുമ്പ് ഒരു ദുഃസ്വപ്നത്തിൽനിന്ന് ഞെട്ടിയുണർന്നപ്പോൾ തോന്നിയതു വെറുതെ പുറത്തിറങ്ങി നടക്കാനാണ്.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 x 4 = 20)**

9. "നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും,
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും..."

(പ്രലോഭനം)

പുഷ്കരൻ ഇങ്ങനെ ചിന്തിക്കാനുള്ള സാഹചര്യം വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

10. "അവരുടെ മകന് അന്ന് ഞാനെഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ 'ചെറുകഥകൾ' എന്നും പറയാം."

( ഞാൻ കഥാകാരനായ കഥ )

മറ്റൊരാളുടെ തീവ്രമായ ജീവിതാനുഭവങ്ങളാണോ പൊറ്റെക്കാട്ടിനെ കഥാകാരനാക്കിയത്? പാഠസന്ദർഭങ്ങൾ വിലയിരുത്തി നിങ്ങളുടെ അഭിപ്രായം എഴുതുക.



exam WiNNER®

11 • "മെത്രാൻ ആ സമയത്തു കുനിഞ്ഞുനിന്ന്, കൊട്ട തടത്തിൽ വീണതുകൊണ്ടു കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചുനോക്കി വ്യസനിക്കുകയായിരുന്നു."

• "നിങ്ങളുടെ മുള്ളുകളും കയ്‌ലുകളും എടുത്ത കൂട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് അവകൂടി കൊണ്ടുപോയില്ല!"

(പാവങ്ങൾ)

സന്ദർഭങ്ങൾ വിശകലനം ചെയ്ത് മെത്രാന്റെ ജീവിതസമീപനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

12. "ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാ-
തെന്തിനു ജീവിത പലഹാരം"

(അമ്പാടിയിലേക്ക് വീണ്ടും)

"സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"

(ആത്മാവിന്റെ വെളിപാടുകൾ)

വരികളിലെ ജീവിതനിരീക്ഷണങ്ങൾ താരതമ്യം ചെയ്യുക.

13. "തനിക്കുള്ള അനർഘമായ രത്നം പൊയ്പ്പോയാലും എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക, പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ."

(യുദ്ധത്തിന്റെ പരിണാമം)

അശ്വത്ഥാമാവിനെ പകയെന്ന മനുഷ്യശാപത്തിന്റെ പ്രതിനിധിയായി കുട്ടികൃഷ്ണമാരാർ വിശേഷിപ്പിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

14 • "വൈകുന്നേരങ്ങളിൽ ഞാൻ ശാന്തമുത്തശ്ശിയോടൊപ്പം പഴംവച്ച വണ്ടി ഉന്തിനടക്കും."

• "എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു."

(അക്കർമാശി)

ദാരിദ്ര്യപൂർണമായ അവസ്ഥയിലും ശരൺകുമാർ ലിംബാളെ സത്യസന്ധത പുലർത്തുന്നു.
സൂചനകൾ വിലയിരുത്തി പ്രസ്താവനയോട് പ്രതികരിക്കുക.



exam WINNER ®

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. **(2 x 6 = 12)**

15. • "സർവത്ര കൂട്ടനിലവിളിതന്നെ. ഒടുക്കം അതു നേർത്തു മൂളലായി, ഞരക്കമായി, അടങ്ങി."

• "മനുഷ്യച്ചോരയിലാണ്ട ദ്രൗണിയുടെ വാൾപ്പിടി കൈപ്പടത്തോടൊട്ടിപ്പിടിച്ച് ഒന്നായിത്തീർന്നതുപോലായി." (യുദ്ധത്തിന്റെ പരിണാമം)

തന്നിരിക്കുന്ന സന്ദർഭങ്ങളും പാഠഭാഗവും വിലയിരുത്തി 'യുദ്ധവും സമാധാനവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

16. • "മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടം വീട്ടാനുണ്ട്. അല്ല. പതിനഞ്ചു റുപ്പികയും നാലണയും."

• "എയ്ക്കി പിടിയില്ല"- വെള്ളായിയപ്പൻ പറഞ്ഞു; കടലാശില് എന്താണ് എഷ്തിക്കെട്ക്കണത്, ആവോ?"

"വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു."

(കടൽത്തീരത്ത്)

സന്ദർഭങ്ങളും മറ്റു കഥാഭാഗവും വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. ആശയം, ആസ്വാദനാംശങ്ങൾ, പ്രയോഗഭംഗി എന്നിവ പരിഗണിച്ച് കവിതക്ക് ആസ്വാദനം തയ്യാറാക്കുക.

**നന്മ**

ലോകർക്ക് ദീപ്തിയേകുവാൻ
നിന്നുകത്തുന്നു സൂര്യൻ.
ഭൂമിതൻ ദാഹമാറ്റുവാൻ
പെയ്തുതീരുന്നു മുകിൽ.

അന്യർക്ക് വിശപ്പാറ്റുവാൻ
ദേഹമേകുന്നു കനി.
കാണികൾക്കുത്സവം തീർക്കാൻ
തന്നെയർപ്പിപ്പൂ മലർ.

ചുറ്റിലും തണലേകുവാൻ
വൃക്ഷമേൽക്കുന്നു വെയിൽ.
നല്ലത് ചെയ്യുവാനെത്ര
സന്ദർഭമീ ലോകത്തിൽ.

നന്മ തോന്നിടുവാൻ മനം
നന്മ ചെയ്യുവാനുടൽ.
നന്മകൾ നട്ടുകൊയ്യുവാൻ
കേദാരം സ്വജീവിതം.

കേദാരം - വിളനിലം

ര...

exam WiNNER ®